(സി) പട്ടിണിമൂലം ആരോഗ്യം നശിച്ച ഇവർക്ക് ഭക്ഷണസാധനങ്ങൾ എത്തിച്ചു കൊടുക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്തെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിപ്രകാരം അവർക്ക് ഭക്ഷണം ലഭിക്കുന്നുണ്ട് എന്ന് ഉറപ്പാക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) സംസ്ഥാനത്തെ വിവിധ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ ഭക്ഷണക്രമം വിഭിന്നമാണ്. എല്ലാ സെറ്റിൽമെന്റ് നിവാസികളും കൃത്യമായ ഒരു ഭക്ഷണക്രമം പുലർത്തുന്നതായി അറിവില്ല. എന്നാൽ അരി, റാഗി, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ എന്നിവയാണ് അവരുടെ പ്രധാന ആഹാര സാധനങ്ങൾ.

(ബി) ആദിവാസികളിൽ സീസണൽ ആയി തൊഴിലില്ലായ്മ ഉണ്ട്. അങ്ങനെയുള്ള അവസരങ്ങളിൽ അവർക്ക് തൊഴിലും കൂലിക്ക് ഭക്ഷണവും പദ്ധതികൾ നടപ്പിലാക്കി വരുന്നു. അങ്ങനെ ലഭിക്കുന്ന ഫലവർഗ്ഗങ്ങൾ, തേൻ, വിവിധതരം കിഴങ്ങുകൾ എന്നിവയിൽ നിന്നുമാണ് പോഷകാഹാരം ലഭിക്കുന്നത്.

(സി, ഡി) ആദിവാസികൾ പട്ടിണി കിടക്കാതിരിക്കാനുള്ള എല്ലാ മുൻകരുതലുകളും സർക്കാർ എടുത്തിട്ടുണ്ട്. അതിന്റെ ഭാഗമായി (1) ഫുഡ്സപ്പോർട്ട് (2) മാതൃഭാരക് പദ്ധതി, (3) സൗജന്യ റേഷൻ, ഫുഡ് ഫോർ വർക്ക് എന്നിവ നടപ്പിലാക്കി വരുന്നു.

(ഇ) ഊരുകൂട്ടങ്ങളുടെ സഹായത്തോടുകൂടിയാണ് പട്ടികവർഗ്ഗ വകുപ്പ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ഊരുകൂട്ടത്തിന്റെ മേൽനോട്ടമുള്ളതുമൂലം അർഹിക്കുന്നവർക്കുതന്നെ ഭക്ഷണം ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ കഴിയും.

ഗിരിജൻ സെറ്റിൽമെന്റുകളിൽ ഭക്ഷണവും ചികിത്സയും ഉറപ്പാക്കാൻ നടപടി

*9 [954] ശ്രീ. എ. കെ. മണി:
,, എ. പി. അനിൽകുമാർ:
,, കെ. സി. വേണുഗോപാൽ:
,, വി. ബാലറാം:
,, എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾക്കാട്ടിലുള്ള ഗിരിജൻ സെറ്റിൽമെന്റുകളിൽ അധിവസിക്കുന്നവർക്ക് ചികിത്സയും ഭക്ഷണവും ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികളാണ് എടുത്തിട്ടുള്ളത്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സമീപത്തുള്ള പബ്ലിക് ഹെൽത്ത് സെന്ററുകളിലെ ആരോഗ്യ പ്രവർത്തകർ ഇത്തരം സെറ്റിൽമെന്റുകൾ സന്ദർശിക്കുകയും ആവശ്യമായ ചികിത്സ നൽകുമെന്നുമുള്ള എന്തെങ്കിലും വ്യവസ്ഥയുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇതനുസരിച്ചുള്ള സന്ദർശനവും ചികിത്സയും നൽകുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നത് എപ്രകാരമാണ്;

(ഡി) ഗിരിജൻ സെറ്റിൽമെന്റുകളിൽ ആരോഗ്യ പ്രവർത്തകർ എത്തിച്ചേരണമെന്നും ചികിത്സ നൽകണമെന്നും വ്യവസ്ഥയില്ലാത്തപക്ഷം അതിനുള്ള ഏർപ്പാടുകൾ ഉണ്ടാകുമോ; വിശദവിവരം നൽകുമോ?

പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി (ഡോ. എം. എ. കുട്ടപ്പൻ):

(എ) ആദിവാസികളുടെ ചികിത്സയ്ക്കായി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പട്ടികവർഗ്ഗ മേഖലയിൽ 16 ആയുർവേദ ഡിസ്പെൻസറികൾ, ഒരു ആയുർവേദ ആശുപത്രി, രണ്ട് അലോപ്പതി ആശുപത്രി, 2 മൊബൈൽ സെമിനാർ യൂണിറ്റുകൾ, 2 എ. എൻ. എം. സെന്ററുകൾ എന്നിവയും ഇടുക്കി ആരോഗ്യ പദ്ധതിയുടെ ഭാഗമായി 4 ഒ. പി. ക്ലിനിക്കുകൾ, അട്ടപ്പാടി ആരോഗ്യപദ്ധതിയുടെ ഭാഗമായി ഒരു ഒ. പി. ക്ലിനിക് എന്നിവയും ആരോഗ്യവകുപ്പിന്റെ കീഴിൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രൈമറി ഹെൽത്ത്സെന്ററുകളും പ്രവർത്തിച്ചു വരുന്നു. ഫുഡ് സപ്പോർട്ട് പ്രോഗ്രാം സുവർണ ജയന്തി ഗ്രാമറോസ്ഗാർ യോജന പദ്ധതി, സൗജന്യ റേഷൻ എന്നിവയും നടപ്പാക്കി വരുന്നു.

(ബി) ഉണ്ട്.

(സി) പട്ടികവർഗ്ഗ വികസന ആഫീസർമാർ ജില്ലാ കളക്ടറുമായി ബന്ധപ്പെട്ട് മേൽപ്പറഞ്ഞവരുടെ സേവനം ഉറപ്പു വരുത്തുന്നു. പ്രൈമറി ഹെൽത്ത് സെന്ററുകളുടെ കീഴിലുള്ള ആരോഗ്യപ്രവർത്തകർ തങ്ങളുടെ പ്രദേശത്ത് കാലികമായും അടിയന്തിര ഘട്ടങ്ങളിലും പകർച്ച വ്യാധികൾ ഉണ്ടാകുന്ന ഘട്ടങ്ങളിൽ തുടർച്ചയായും ഈ പ്രദേശങ്ങൾ സന്ദർശിക്കണമെന്നും പരിഹാര നടപടികൾ എടുക്കണമെന്നും പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ആഫീസർക്ക് വിവരങ്ങൾ നൽകണമെന്നും വ്യവസ്ഥയുണ്ട്. പ്രൈമറി ഹെൽത്ത് സെന്റർ മെഡിക്കൽ ആഫീസർ, ആരോഗ്യ പ്രവർത്തകരുടെ പ്രവർത്തന റിപ്പോർട്ട് പരിശോധിക്കുവാനും അവ കാലികമായി വിലയിരുത്തുവാനും വ്യവസ്ഥയുണ്ട്. ആദിവാസി പ്രദേശങ്ങളിലെ പ്രശ്നങ്ങൾ പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥരും സന്നദ്ധപ്രവർത്തകരും പഞ്ചായത്തധികൃതരും ജില്ലാ കളക്ടറെ അറിയിക്കുകയും ചികിത്സ എത്തിക്കുകയും ചെയ്യുന്നു. ജില്ലാ മെഡിക്കലാഫീസർ പ്രതിമാസ യോഗങ്ങളിൽ ഈ വിഷയം അവലോകനം ചെയ്യുന്നുണ്ട്.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly